SUNDAY 17-07-2022 ഞായറാഴ്ച

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ



## FARM INFORMATION BUREAU


**Agriculture Development and Farmer's Welfare Department**

**Government of Kerala**

**Chief Editor : Suraj S** / **Editor : Dr Asha T T**

Farm Information Bureau, Kowdiar, Thiruvananthapuram -695003

Web site : fibkerala.gov.in, E-mail : piofibtvm@gmail.com, fibnewstvm@gmail.com

Telephone : 0471 - 2318186,2317314

**GOVERNMENT OF KERALA**
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

# FARM INFORMATION BUREAU

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

## എഫ് ഐ ബി കാർഷികവാർത്തകൾ (FIB FARM NEWS)-16/07/2022.

1. പി എം കിസാൻ സമ്മാൻനിധിയിൽ അംഗമായിട്ടുള്ള ഗുണഭോക്താക്കൾ അവരവരുടെ ഭൂമി സംബന്ധമായ വിവരങ്ങൾ AIMS പോർട്ടൽ വഴി RELIS Platform – ന്റെ സഹായത്തോടുകൂടി പരിശോധിച്ച് ഉറപ്പിച്ചശേഷം സമർപ്പിക്കേണ്ടതാണ്. ഈ ഡേറ്റ ഉദ്യോഗസ്ഥർ പരിശോധിക്കുകയും പി എം കിസാൻ ഡേറ്റാബേസിലേക്കും ദേശീയ കർഷക ഡേറ്റാബേസിലേക്കും നൽകുന്നു. കർഷകർ വസ്തുവിന്റെ കരം അടച്ച രസീത്, ആധാറിന്റെ പകർപ്പ്, മൊബൈൽ ഫോൺ എന്നിവയുമായി അടുത്തുള്ള അക്ഷയ കേന്ദ്രങ്ങൾ, ജനസേവന കേന്ദ്രങ്ങൾ എന്നിവ മുഖേന ഭൂമി സംബന്ധമായ വിവരങ്ങൾ ഈ മാസം 20-ന് മുമ്പായി പോർട്ടലിൽ ചേർക്കേണ്ടതാണ്. കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ ആനുകൂല്യങ്ങൾ തുടർന്ന് ലഭിക്കുന്നതിന് ഇത് അനിവാര്യമാണ്. പി എം കിസാൻ ഗുണഭോക്താക്കൾ ekyc പൂർത്തിയാക്കേണ്ട കാലാവധി ജൂലൈ 31 വരെ ദീർഘിപ്പിച്ചിട്ടുള്ളതായി തിരുവനന്തപുരം പ്രിൻസിപ്പൽകൃഷി ഓഫീസർ അറിയിക്കുന്നു

2. കൃഷി വിജ്ഞാന കേന്ദ്രം തൃശ്ശൂരിൽ വാഴ, പച്ചക്കറി, നെല്ല് എന്നിവയിൽ ഉപയോഗിക്കാവുന്ന സമ്പൂർണ്ണ സൂക്ഷ്മമൂലകക്കൂട്ട്, ട്രൈക്കോഡെർമ സമ്പുഷ്ടീകരിച്ച ജൈവവളം, വാഴയുടെ ദ്വിതീയ സൂക്ഷ്മ മിശ്രിതക്കൂട്ടായ അയർ, കൂൺ വിത്തുകൾ, മരച്ചീനിയിൽ നിന്ന് ഉത്പാദിപ്പിക്കുന്ന ജൈവ കീട നിയന്ത്രണ ഉപാധികളായ നന്മ,മേന്മ, ശ്രേയ എന്നിവയും ബി.വി 380 ഇനത്തിലെ കോഴിക്കുഞ്ഞുങ്ങൾ , പച്ചക്കറി വിത്തുകൾ, മുന്തിയ ഇനം ഫലവൃക്ഷ തൈകൾ എന്നിവയും ലഭ്യമാണ്. കൂടുതൽ വിവരങ്ങൾക്ക് **9400483754** എന്ന ഫോൺ നമ്പറിൽ ബന്ധപ്പെടാവുന്നതാണ്.

3. കേരള സംസ്ഥാന ജൈവവൈവിധ്യ ബോർഡ് 2021-22 ലെ ജൈവവൈവിധ്യ പുരസ്കാരങ്ങൾക്ക് അപേക്ഷകളും നാമനിർദ്ദേശങ്ങളും ക്ഷണിക്കുന്നു. ആകെ 11 വിഭാഗങ്ങളിലായാണ് അവാർഡുകൾ. ഇതിൽ 6 അവാർഡുകൾ വ്യക്തിഗത പ്രവർത്തനങ്ങൾക്കും 5 അവാർഡുകൾ സ്ഥാപനങ്ങൾക്കും ഉള്ളതാണ്. വ്യക്തിഗത പുരസ്കാരങ്ങൾക്ക് ബന്ധപ്പെട്ടവർക്ക് അർഹരായ വ്യക്തികളെ നാമനിർദ്ദേശം ചെയ്യാവുന്നതാണ്. അവാർഡ് അപേക്ഷകൾ/നാമനിർദ്ദേശങ്ങൾ ഓൺലൈൻ ആയി

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

ksbbawards2022@gmail.com എന്ന ഇമെയിൽ വഴിയും ഓഫ്ലൈനായും **ജൂലൈ 31ന്** മുൻപായി മെമ്പർ സെക്രട്ടറി, കേരള സംസ്ഥാന ജൈവവൈവിധ്യ ബോർഡ്, കൈലാസം, റ്റി.സി. 24/3219, നം. 43, ബെൽഹാവൻ ഗാർഡൻസ്, കവടിയാർ പി.ഒ, തിരുവനന്തപുരം-695003 വിലാസത്തിൽ അയയ്ക്കേണ്ടതാണ്. വിശദവിവരങ്ങളും അപേക്ഷകയുടെ മാതൃകയും www.keralabiodiversity.org എന്ന വെബ്സൈറ്റിൽ ലഭ്യമാണ്. കൂടുതൽ വിവരങ്ങൾക്ക് **0471 2724740** എന്ന ഫോൺ നമ്പരിൽ ബന്ധപ്പെടുക.

4. കേരള കാർഷിക സർവകലാശാലയിലെ ബയോടെക്നോളജി വിഭാഗത്തിൽ വിവിധയിനം തൈകളും അലങ്കാരചെടികളും വിൽപ്പനയ്ക്ക്. മുന്തിയ ഇനം **സുവാസിനി** ഇനത്തിൽപ്പെട്ട കറിവേപ്പ്, **പന്നിയൂർ കുരുമുളക്, ആന്തൂറിയം ചെറുത്** എന്നിവയുടെ തൈകൾ കൂടാതെ **കറിവേപ്പ്, വാരിഗേറ്റഡ് ബൊഗൈൻവില്ല, ഗോൾഡൻ പോത്തോസ്, അലോവെര റെഡ്** എന്നിവയുടെ ടിഷ്യുക്കൾച്ചർ തൈകളും ലഭ്യമാണ്. കൂടുതൽ വിവരങ്ങൾക്ക് 9048178101, 8086413467 എന്നീ ഫോൺ നമ്പരുകളിൽ ബന്ധപ്പെടുക

5. സംസ്ഥാന പൗൾട്രി വികസന കോർപ്പറേഷന്റെ കീഴിലുള്ള കുടപ്പനക്കുന്ന് ബ്രോയിലർ ബ്രീഡർ ഫാമിലെ മുട്ടയുൽപാദനം കഴിഞ്ഞതും ഏകദേശം 4.5 കിലോ ഭാരമുള്ളതുമായ മാതൃപിതൃ ശേഖരത്തിൽപ്പെട്ട കോഴികളെ 90 രൂപ നിരക്കിൽ സ്റ്റോക്ക് തീരുന്നതു വരെ ദിവസവും രാവിലെ 9 മണി മുതൽ വൈകുന്നേരം 4 മണി വരെ വിൽപ്പനയ്ക്കായി തയ്യാറായിട്ടുണ്ടെന്ന് മാനേജിംഗ് ഡയറക്ടർ അറിയിക്കുന്നു. കൂടുതൽ വിവരങ്ങൾക്ക് **9495000914** എന്ന ഫോൺ നമ്പരിൽ ബന്ധപ്പെടുക.

## പരിശീലന പരിപാടികൾ

6. കാർഷിക സർവകലാശാലയിലെ ഹൈടെക്ക് റിസർച്ച് ആന്റ് ട്രെയിനിങ്ങ് യൂണിറ്റിൽ ഈ മാസം **26-ന്** (ജൂലൈ 26) കാൽസെന്റിലും അര സെന്റിലും നിർമ്മിച്ചിട്ടുള്ള **ഹൈടെക് അടുക്കളതോട്ട നിർമ്മാണവും പരിപാലനവും** എന്ന വിഷയത്തിൽ പരിശീലനം നടത്തുന്നു. ഗ്രോബാഗ് കൃഷി, തിരിനന സംവിധാനം തയ്യാറാക്കൽ, 35 മുതൽ 45 ചെടികൾ വരെ നടാവുന്ന മൾട്ടിടയർ ഗ്രോബാഗ് സെറ്റിംഗ്, 30 മുതൽ 35 ചെടികൾ വരെ നടാവുന്നതും വെർമി വാഷും, വെർമി കംമ്പോസ്റ്റും ലഭ്യമാക്കുന്നതുമായ മൾട്ടി ടയർ ഗ്രോബാഗ്, പോട്ടിംഗ് മിശ്രിതം ഉണ്ടാക്കൽ, വിത്ത് പരിപാലനം, ഹൈടെക്ക് രീതിയിൽ നഴ്സറി

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

ചെടികൾ ഉണ്ടാക്കുന്ന വിധം, വളപ്രയോഗം, രോഗകീടനിയന്ത്രണം, മണ്ണുപരിപാലനം വിവിധ വിളകളുടെ പരിപാലനം, ജൈവ-ജീവാണു വളങ്ങളുടേയും/കീടനാശിനികളുടേയും ഉപയോഗം എന്നീ വിഷയങ്ങളിൽ ക്ലാസുകൾ ഉണ്ടായിരിക്കുന്നതാണ്. താൽപര്യമുള്ളവർ **0487 2960079, 9037033547** എന്നീ ഫോൺ നമ്പരുകളിൽ വിളിച്ച് പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്.

7. റബ്ബറിന് വളമിടുന്നതിൽ റബ്ബർബോർഡ് ഓൺലൈൻ പരിശീലനം നടത്തുന്നു. **ജൂലൈ 20-ന് ഉച്ചയ്ക്ക് 2.30 മുതൽ വൈകിട്ട് 4.30** വരെയാണ് പരിശീലനം. പരിശീലനമാധ്യമം മലയാളം ആയിരിക്കും. പരിശീലനം സംബന്ധിച്ച കൂടുതൽ വിവരങ്ങൾക്ക് **0481 2353127** എന്ന ഫോൺ നമ്പരിലോ **04812351313** എന്ന വാട്സ്ആപ്പ് നമ്പരിലോ ബന്ധപ്പെടാവുന്നതാണ്.

8. ചെങ്ങന്നൂർ സെൻട്രൽ ഹാച്ചറിയോടനുബന്ധിച്ച് പ്രവർത്തിക്കുന്ന പരിശീലന കേന്ദ്രത്തിൽ വച്ച് **ഈ മാസം 18, 19 തീയതികളിൽ ഇറച്ചിക്കോഴി വളർത്തൽ, 20, 21 തീയതികളിൽ മുട്ടക്കോഴി വളർത്തൽ, 22, 23 തീയതികളിൽ ആട് വളർത്തൽ** തുടങ്ങിയ വിഷയങ്ങളിൽ പരിശീലനം സംഘടിപ്പിക്കുന്നു. താൽപര്യമുള്ളവർ **0479 2452277, 0479 2457778** എന്നീ ഫോൺ നമ്പരുകളിൽ ബന്ധപ്പെട്ട് പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്.

9. കോഴിക്കോട് ജില്ല ക്ഷീര പരിശീലന കേന്ദ്രത്തിൽ വെച്ച് ഈ മാസം 22, 23 (ജൂലൈ 22,23) തീയതികളിൽ **ശുദ്ധമായ പാലുൽപ്പാദനം** എന്ന വിഷയത്തിൽ പരിശീലന പരിപാടി നടത്തുന്നു പ്രവേശനഫീസ് 20 രൂപ. ആധാർ കാർഡിന്റെ പകർപ്പ് ബാങ്ക് പാസ്ബുക്കിന്റെ പകർപ്പ് എന്നിവ പരിശീലന സമയത്ത് ഹാജരാക്കേണ്ടതാണ്. താൽപര്യമുള്ളവർ ഈ മാസം 18-ന് വൈകുന്നേരം 5 മണിക്ക് മുൻപായി dd-dtc-kkd.dairy@kerala.gov.in എന്ന ഇമെയിൽ വിലാസത്തിലോ **0495 2414579** എന്ന ഫോൺ നമ്പർ മുഖാന്തരമോ പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്.

10. **കൊല്ലം ജില്ലയിലെ സദാനന്ദപുരം കൃഷി വിജ്ഞാന കേന്ദ്രത്തിൽ പ്രവർത്തിച്ചുവരുന്ന ഡിസ്ട്രിക്ട് അഗ്രോമെറ്റ് യൂണിറ്റ് നൽകുന്ന കാർഷിക നിർദ്ദേശങ്ങൾ**

- മഴയെ തുടർന്ന് കുരുമുളക്, തെങ്ങ്, പപ്പായ തുടങ്ങിയ വിളകളിൽ ഫൈറ്റോഫ്ത്തോറ മൂലമുള്ള രോഗങ്ങൾ വരാൻ സാധ്യതയുള്ളതിനാൽ മുൻകരുതലായി ശരിയായ നീർവാർച്ചാ സൗകര്യം

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT
**FARM INFORMATION BUREAU**
Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

ഒരുക്കുന്നതോടൊപ്പം മഴ കുറഞ്ഞ് നിൽക്കുന്ന സമയത്ത് 1 % വീര്യമുള്ള ബോർഡോ മിശ്രിതം പശ കൂട്ടിച്ചേർത്ത് തളിക്കുക. ഏറ്റവും വില കുറഞ്ഞതും ഫലപ്രദവുമായ പശയാണ് റോസിൻ - വാഷിംഗ് സോഡാ മിശ്രിതം.

- പയറിലെ മുഞ്ഞയുടെ ആക്രമണം നിയന്ത്രിക്കുന്നതിനായി രക്ഷ 6 ഗ്രാം ഒരു ലിറ്റർ വെള്ളത്തിൽ ചേർത്ത് തളിക്കുക അല്ലെങ്കിൽ വേപ്പിൻ സോപ്പ് 10 ഗ്രാം ഒരു ലിറ്റർ വെള്ളത്തിൽ ചേർത്ത് തളിക്കുക. ആക്രമണം രൂക്ഷമാണെങ്കിൽ റോഗർ 1.5 മില്ലി ഒരു ലിറ്റർ വെള്ളത്തിൽ ചേർത്ത് തളിക്കുക

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം